**പതിനാലാം കേരള നിയമസഭ**

പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2631 06.11.2019 -ലെ മറുപടിക്ക്**

**അംബേദ്കർ സെറ്റിൽമെന്റ് പദ്ധതികൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എസ്.രാജേന്ദ്രൻ** | | **എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദേവികുളം നിയോജക മണ്ഡലത്തിൽ അനുവദിച്ച അംബേദ്കർ ഗ്രാമം, അംബേദ്കർ സെറ്റിൽമെന്റ് പദ്ധതികൾ ഏതൊക്കെ യാണെന്ന് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം കോവിലൂർ വട്ടവട, കടുക്കാസിറ്റി എന്നീ 2 പട്ടികജാതി കോളനികളെയും അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി പ്രകാരം കുറത്തിക്കുടി, കട്ടമുടിക്കുടി, നെല്ലിപ്പെട്ടിക്കുടി, ചമ്പക്കാട്കുടി, കൂടല്ലാർകുടി, ആട്ടുവിളന്താൻകുടി, കോഴിയാളക്കുടി, സിങ്ക്കുടി എന്നീ 8 പട്ടികവർഗ്ഗ കോളനികളെയും തെരഞ്ഞെടുത്തിട്ടുണ്ട്. |
| (ബി) | ഇപ്രകാരം അനുവദിക്കപ്പെട്ട പദ്ധതികളിൽ പൂർത്തിയാക്കിയവ ഏതൊക്കെയാണെന്നും അവശേഷിക്കുന്നവയുടെ നിലവിലെ സ്ഥിതി എന്താണെന്നും അറിയിക്കാമോ; | (ബി) | കോവിലൂർ വട്ടവട കോളനിയുടെ എസ്റ്റിമേറ്റ് തയ്യാറായിട്ടില്ല. കടുക്കാസിറ്റി പട്ടികജാതി കോളനിയുടെ എസ്റ്റിമേറ്റ് മോണിറ്ററിംഗ് കമ്മിറ്റിയുടെ ശുപാർശയോടെ ലഭിച്ചിട്ടുണ്ട്. കുറത്തിക്കുടി, കട്ടമുടിക്കുടി, നെല്ലിപ്പെട്ടിക്കുടി, ചമ്പക്കാട്കുടി, കൂടല്ലാർകുടി, ആട്ടുവിളന്താൻകുടി, കോളനികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. വനം വകുപ്പിൽ നിന്നും അനുമതി ലഭ്യമാകാത്തതിനെ തുടർന്ന് കോഴിയാളക്കുടി കോളനിയിൽ നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടില്ല. സിങ്ക്കുടി കോളനിയിലെ പ്രവർത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് അനുവദിച്ചിട്ടുണ്ട്. പ്രവൃത്തികൾ താമസംവിനാ ആരംഭിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | ദേവികുളം നിയോജക മണ്ഡലത്തിലെ സിങ്കുകടി ആദിവാസി കോളനി ഈ പദ്ധതികളിൽ ഏതിലെങ്കിലും ഉൾപ്പെട്ടിട്ടുണ്ടോയെന്നും എങ്കിൽ പ്രസ്തുത കോളനിയുമായി ബന്ധപ്പെട്ട നിർവ്വഹണ ഏജൻസി ഏതാണെന്നും വ്യക്തമാക്കാമോ? | (സി) | സിങ്ക്കുടി ആദിവാസി കോളനി അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വാപ്കോസ് ആണ് നിർവ്വഹണ ഏജൻസി. |

സെക്ഷൻ ഓഫീസർ